(എ) ആദിവാസി മേഖലയിൽ വിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിനുള്ള ഏതെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഡി.പി.ഇ.പി. ജില്ലകളിൽ ആദിവാസി മേഖലകളിൽ ഇതിനായി ട്രൈബൽ വോളണ്ടിയർമാർ പ്രവർത്തിച്ചുവരുന്നു. കൂടാതെ കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ കൊണ്ടുവരാനും, സ്കൂളിൽ ചേരാത്ത കുട്ടികളെ പഠിപ്പിക്കുന്നതിനുമായി മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

35 (450) മിനിമം പെൻഷൻ നൽകാൻ നടപടി

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഗവണ്മെന്റ് മോഡൽ ഹൈസ്കൂളിൽ ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന ശ്രീമതി ഖദീജാബീവിക്ക് മിനിമം പെൻഷൻ നൽകണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള ഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ പരാതിയെ സംബന്ധിച്ച ഗവണ്മെന്റിന്റെ 37428/ആർ.1/99 ജി.ഇ.ഡി.ന്റെ തീയതി 7.10.99 ലെ കത്തിൽ ആവശ്യപ്പെട്ട റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും സർക്കാരിനു ലഭിച്ചിട്ടുണ്ടോ? എങ്കിൽ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ ഡ്യൂട്ടിയിൽ ഇല്ലാത്ത കാലയളവ് റഗുലറൈസ് ചെയ്ത് ഇവർക്ക് മിനിമം പെൻഷന് അർഹതയുണ്ടെന്ന ധനകാര്യവകുപ്പിലെ 5.6.95-ലെ 69655/പി.ഡബ്ല്യൂ/ഡി.ബി2/94/എഫ്.ഐ.എൻ. അറിയിച്ചിട്ടുള്ളതിനാൽ റഗുലറൈസ് ചെയ്ത് മിനിമം പെൻഷൻ എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

36 (451) ഡി.പി.ഇ.പി. ഫണ്ട് ഉപയോഗിച്ച് യാത്ര

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. ഫണ്ട് ഉപയോഗിച്ച് ആരെങ്കിലും യാത്ര നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളും സ്ഥാപനങ്ങളുമാണ് ഇവർ സന്ദർശിച്ചത്;

(സി) എത്ര വിഭിന്ന നിലവാര പഠനകേന്ദ്രങ്ങൾ ഇവർ സന്ദർശിച്ചു;

(ഡി) ഇവരുടെ സന്ദർശനം മൂലം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly